## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1986 08-12-2014-ൽ മറുപടിയ്ക്ക്

### മദ്യനയം

ചോദ്യം:

ശ്രീ. രാജു എബ്രഹാം

ഉത്തരം:

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും
എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാർ 2014-15 വർഷത്തേക്ക് മദ്യനയം രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച ഉത്തരവിൻെറ കോപ്പി നൽകാമോ ; | (എ) | ഉണ്ട്. 12.2.2014-ലെ ജി.ഒ.(എം.എസ്) നം.22/2014/നി.വ. പ്രകാരം കള്ള്ചെത്ത് വ്യവസായ മേഖലയ്ക്കുള്ള 2014-15-ലെ അബ്കാരി നയവും, 22.8.2014-ലെ ജി.ഒ.(എം.എസ്) നം.139/2014/നി.വ. പ്രകാരം സമഗ്ര മദ്യനയവും പ്രഖ്യാപിച്ച് ഉത്തരവായിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ലഭ്യമാക്കുന്നു. |
| (ബി) | കഴിഞ്ഞ വർഷം പ്രവർത്തിച്ചുകൊണ്ടിരുന്ന ഏതെങ്കിലും ബാറുകൾക്ക് ഈ വർഷം പ്രവർത്തനാനുമതി നിഷേധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണത്തിന്; എന്തു കാരണത്താലാണ് ഇവയ്ക്ക് പ്രവർത്തനാനുമതി നിഷേധിച്ചത് എന്നും ഇവയുടെ ലിസ്റ്റ് തയ്യാറാക്കിയത് ആരാണെന്നും വ്യക്തമാക്കുമോ; | (ബി) | കഴിഞ്ഞ വർഷം പ്രവർത്തിച്ചുകൊണ്ടിരുന്ന ബാറുകളിൽ 428 എണ്ണത്തിന് ഈ വർഷം പ്രവർത്തനാനുമതി നിഷേധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നമ്പർ 3196/14 മുതൽ കേസുകളിന്മേലുള്ള 5.3.2014-ലെ വിധിയുടെ അടിസ്ഥാനത്തിൽ ഇവയിൽ 8 എണ്ണത്തിൻെറ ബാർ ലൈസൻസ് റദ്ദ് ചെയ്തിട്ടുള്ളതും 6 എണ്ണത്തിൻെറ ലൈസൻസ് 2014-15 വർഷത്തേയ്ക്ക് പുതുക്കി നൽകാത്തതും ആകുന്നു. ബാക്കി 414 ഹോട്ടലുകൾ സി.എ.ജി റിപ്പോർട്ടിൽ നിലവാരമില്ലായെന്ന് പ്രതിപാദിച്ചിരുന്നതിൻെറ അടിസ്ഥാനത്തിലാണ് പ്രവർത്തനാനുമതി നിഷേധിച്ചത്. കോടതി വിധിയുടെയും സർക്കാർ നിർദ്ദേശത്തിൻെറയും അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പാണ് ഇവയുടെ ലിസ്റ്റ് തയ്യാറാക്കിയത്. |

| | | | |
|---|---|---|---|
| (സി) | കേരളത്തിലെ ബാറുകളുടെ നിലവാരം സംബന്ധിച്ച് എന്തെങ്കിലും പരിശോധനകൾ നടത്തിയിട്ടുണ്ടോ; ഈ പരിശോധനയുടെ അടിസ്ഥാനത്തിലാണോ ബാറുകൾക്ക് പ്രവർത്തനാനുമതി നിഷേധിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (സി) | സി.എ.ജി റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന ഹോട്ടലുകൾക്കാണ് പ്രവർത്തനാനുമതി നിഷേധിച്ചത്. |
| (ഡി) | ഒരു ബാർ ഹോട്ടൽ പ്രവർത്തിക്കാൻ വേണ്ട മിനിമം സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ സൗകര്യങ്ങൾ ആണെന്ന് വിശദമാക്കാമോ; | (ഡി) | സർക്കാരിന്റെ 2014-15 വർഷത്തേയ്ക്കുള്ള മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽ ഒരു ബാർ ഹോട്ടൽ പ്രവർത്തിക്കാൻ വേണ്ട മിനിമം സൗകര്യങ്ങൾ കേന്ദ്രസർക്കാരിന്റെ ടൂറിസം മന്ത്രാലയം പുറപ്പെടുവിച്ച ഫൈവ് സ്റ്റാർ ക്ലാസിഫിക്കേഷനാവശ്യമായ സൗകര്യങ്ങളാണ്. |
| (ഇ) | സർക്കാരിന്റെ മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള ഹോട്ടലുകൾക്കാണോ ബാർ ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളത്; ഈ മാനദണ്ഡങ്ങൾ പാലിക്കാത്ത ഹോട്ടലുകൾ പുതുക്കിയ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതൊക്കെയെന്ന് അറിയിക്കുമോ; | (ഇ) | സി.എ.ജി റിപ്പോർട്ടിൽ പ്രതിപാദിച്ചിരുന്ന 418 ഹോട്ടലുകൾക്കെതിരെ ഉണ്ടായ സുപ്രീം കോടതിയുടെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ സി.എ.ജി റിപ്പോർട്ടിൽ പ്രതിപാദിച്ച ഹോട്ടലുകളുടെ ബാർ ലൈസൻസുകളും സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നമ്പർ 3196/14 മുതൽ കേസുകളിന്മേലുള്ള 05.03.2014-ലെ വിധിയുടെ അടിസ്ഥാനത്തിൽ 6 എണ്ണത്തിന്റെയും ഒഴികെ 312 ബാർ ലൈസൻസുകളാണ് പുതുക്കി നൽകിയിട്ടുള്ളത്. എന്നാൽ പുതിയ മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ 21 ഫൈവ് സ്റ്റാർ ഹോട്ടലുകൾ ഒഴികെയുള്ള എല്ലാ ഹോട്ടലുകളുടെയും ബാർ ലൈസൻസുകൾ റദ്ദ് ചെയ്തുകൊണ്ട് ഉത്തരവായിട്ടുള്ളതും എന്നാൽ ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടെയും വിധികളുടെ അടിസ്ഥാനത്തിൽ ടി ഹോട്ടലുകളും കൂടി ഇപ്പോൾ പ്രവർത്തിച്ചുവരുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| (എഫ്) | ലൈസൻസ് പുതുക്കി നൽകാത്ത ബാർ ഹോട്ടലുകളിൽ ഏതിലെങ്കിലും ഈ മാനദണ്ഡങ്ങൾ ഉള്ളവയുണ്ടോ; നിലവാരം ഉള്ള ബാറുകൾക്ക് പ്രവർത്തനാനുമതി നിഷേധിച്ച നടപടി പുനഃപരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | (എഫ്) | ലൈസൻസ് പുതുക്കി നൽകാത്ത ഹോട്ടലുകൾക്ക് ഒന്നും തന്നെ 5 സ്റ്റാർ ക്ലാസിഫിക്കേഷൻ ഇല്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്